# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ – സംഗ്രഹം

2014 ജൂൺ 16, തിങ്കൾ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി.കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

17(*151) <u>കേരള ട്രാൻസ്പോർട്ട് ഡവലപ്പ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ</u>

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) നൽകിയ മറുപടിയിൽ,

സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന കെ.എസ്.ആർ.ടി.സി.ക്ക് സാമ്പത്തിക സഹായം നൽകുകയെന്ന ഉദ്ദേശത്തോടെയാണ് കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പേറേഷൻ രൂപീകരിച്ചതെന്നും 2001 മുതൽ നാളിതുവരെ **2949.54** കോടി രൂപ കെ.എസ്.ആർ.ടി.സി.ക്ക് വായ്പയായി നൽകിയിട്ടുണ്ടെന്നും ഈ വായ്പകൾ കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകുന്നതിന് സഹായകരമായിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വ്യക്തികൾ, സ്ഥാപനങ്ങൾ, പ്രത്യേകിച്ച് കെ.എസ്.ആർ.ടി.സി.ക്ക് വാഹനങ്ങൾ വാങ്ങുന്നതിലേയ്ക്കായി ലീസ്, ഹയർ പർച്ചേസ്, ഹൈപ്പോത്തിക്കേഷൻ എന്നിവ മുഖേന സാമ്പത്തിക സഹായം ചെയ്യുക, കെ.എസ്.ആർ.ടി.സി.യുടെ അടിസ്ഥാന സൗകര്യങ്ങൾ വാണിജ്യ വിജയത്തിന് സഹായകമായ രീതിയിൽ മെച്ചപ്പെടുത്തുക (ഡീസൽ പമ്പു

കളും സ്പെയർ പാർട്ട്സ് ഷോപ്പുകളും ബസ് സ്റ്റേഷനുകളും വ്യാപാര സമുച്ചയങ്ങളും നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക), വാഹനങ്ങൾ കൈവശമാക്കുന്നതിനായി വിവിധ കക്ഷികൾക്ക് സാമ്പത്തിക സഹായം നൽകുക, ഗതാഗത പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട നിർമ്മിതികൾക്കും സ്പെയർ പാർട്സുകളുടെ നിർമ്മാണവിതരണവുമായി ബന്ധപ്പെട്ടും സാമ്പത്തിക സഹായം നൽകുക, കേരളത്തിനകത്ത് പ്രവർത്തിക്കുന്ന ഗതാഗതവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ഹ്രസ്വ-മദ്ധ്യ കാല വായ്പകൾ ലഭ്യമാക്കുക, ആർ. ബി. ഐ. യുടെ നിബന്ധനകൾക്ക് വിധേയമായി അത്തരം സ്ഥാപനങ്ങളുടെ ഷെയർ കാപ്പിറ്റലിലും ഇക്വിറ്റി തുടങ്ങിയവയിലും മറ്റും മുതൽ മുടക്കുക തുടങ്ങിയവയാണ് കെ.ടി.ഡി.എഫ്.സി.-യുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ. തിരുവനന്തപുരം (തമ്പാനൂർ), തിരുവല്ല, അങ്കമാലി, കോഴിക്കോട് എന്നിവിടങ്ങളിൽ കെ.റ്റി.ഡി.എഫ്.സി., ബി.ഒ.റ്റി. അടിസ്ഥാനത്തിൽ ബസ് ടെർമിനൽ കം ഷോപ്പിംങ്ങ് കോപ്ലക്സുകൾ നിർമ്മിച്ചിട്ടുണ്ട്. അതിൽ തിരുവല്ലയിലേയും കോഴിക്കോട്ടേയും ടെർമിനലുകൾ ജൂലൈ മാസത്തോടെ പ്രവർത്തനക്ഷമമാകുന്നതും മലപ്പുറത്ത് ഇവയുടെ നിർമ്മാണത്തിനുള്ള തടസ്സങ്ങൾ എത്രയും വേഗം പരിഹരിക്കപ്പെടുന്നതുമാണ്. കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിന് ഈടായി നൽകിയിട്ടുള്ള വസ്തുവകകളുടെ ആകെ മൂല്യം 465.07 കോടി രൂപയാണ്. മറ്റ് വസ്തുവകകളുടെ മൂല്യം നിർണ്ണയിക്കുന്നതിനായി M/s. വർമ്മ & വർമ്മ എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കെ.റ്റി.ഡി.എഫ്.സി.-യുടെ പലിശ നിരക്ക് കാലികമായി പരിഷ്കരിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ഇതിനോടകം മുതലും പലിശയും ചേർത്ത് 942.93 കോടി രൂപ

കെ.എസ്.ആർ.ടി.സി. കെ.റ്റി.ഡി.എഫ്.സി.-ക്ക് തിരിച്ചടച്ചിട്ടുണ്ടെന്നും കെ.എസ്.ആർ.ടി.സി.-ക്ക് സ്വന്തമായി ഭൂമിയുള്ള സ്ഥലങ്ങളിൽ ബി.ഒ.റ്റി. അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ച് വരുമാനം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണെന്നും ഈ വർഷം കെ.എസ്.ആർ.ടി.സി. 16 കോടി രൂപയുടെ ലാഭമുണ്ടാക്കിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

18(*152) <u>അവശ്യസേവനങ്ങൾ പി.പി.പി. വഴിയാക്കാനുള്ള നീക്കം</u>

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) നൽകിയ മറുപടിയിൽ, ജനങ്ങൾക്ക് അവശ്യസേവനവും സംരക്ഷണവും നൽകുന്നതിനായി കാർഷിക മേഖല, ലഘുധാതു വികസനം, വ്യാവസായികാവശ്യത്തിനുള്ള ജലവിതരണം, വിദ്യാഭ്യാസവും അനുബന്ധ സൗകര്യങ്ങളും, മത്സ്യബന്ധനവും അനുബന്ധ സൗകര്യങ്ങളും, വാതക വിതരണവും അനുബന്ധ ജോലികളും, ആരോഗ്യ മേഖല, ഭവന നിർമ്മാണം, വ്യാവസായിക പാർക്കുകളും പ്രത്യേക സാമ്പത്തിക മേഖലയും, വിവരസാങ്കേതിക പ്രോജക്ടുകൾ, ഉൾനാടൻ ജലപാതകൾ, ജലസേചനം, ഭൂമി പുനരുദ്ധാരണ പ്രോജക്ടുകൾ, തുറമുഖങ്ങൾ, പവർ സിസ്റ്റംസ്, റോഡുകളും പാലങ്ങളും, ഖരമാലിന്യ സംസ്കരണം, സ്പോർട്സ് & റിക്രിയേഷൻ എന്നിവയ്ക്കുള്ള അടിസ്ഥാന സൗകര്യങ്ങൾ, ടൂറിസം & ഹോസ്പിറ്റാലിറ്റി പ്രോജക്ടുകൾ, നഗര ഗതാഗതം എന്നീ മേഖലകളിൽ പൊതു-സ്വകാര്യ പങ്കാളിത്തം സാധ്യമാക്കാവുന്നതാണെന്നും ഇക്കാര്യത്തിൽ പൊതുജനങ്ങൾക്ക് വിശദമായി കാര്യങ്ങൾ അറിയുന്നതിനായി കേരള സർക്കാർ ഔദ്യോഗിക വെബ്സൈറ്റിൽ കരടുനയം പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. ജനങ്ങൾക്ക് അവശ്യ സേവനവും

സംരക്ഷണവും ലഭ്യമാക്കുന്ന സ്ഥാപനങ്ങൾ സർക്കാർ നിയന്ത്രണത്തിലായിരിക്കണമെന്നതാണ് സർക്കാരിന്റെ നിലപാട്. സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനും വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും പി.പി.പി. വ്യവസ്ഥ പ്രകാരമുള്ള പദ്ധതികൾ നടപ്പാക്കേണ്ടത് ആവശ്യമാണെന്നും എന്നാൽ കുടിവെള്ളം, പൊതുവിതരണം, അഴുക്കുചാൽ നിർമ്മാണം എന്നീ മേഖലകളെ പി.പി.പി. വ്യവസ്ഥയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും മുഖ്യമന്ത്രി അറിയിച്ചു. സംസ്ഥാനത്തെ ജനങ്ങളെ സംബന്ധിക്കുന്ന ആധാർ വിവരങ്ങൾ സ്വകാര്യ കമ്പനിക്ക് കൈമാറുന്നതിന് കെൽട്രോൺ നടപടി സ്വീകരിച്ചതിനെക്കുറിച്ച് അന്വേഷിക്കുന്നതാണെന്ന് ഉപചോദ്യത്തിൽ ഇടപെട്ടുകൊണ്ട് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി അറിയിച്ചു.

19(*153) <u>ജനമൈത്രി പോലീസ് സ്റ്റേഷനുകളിൽ കൗൺസിലിംഗ് സെന്റർ</u>

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) നൽകിയ മറുപടിയിൽ, അത്യാവശ്യ സന്ദർഭങ്ങളിൽ പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷൻ വഴി കൗൺസിലിംഗ് നൽകി വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, കൊച്ചി, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ ഫാമിലി ക്രൈം പ്രിവൻഷൻ കൗൺസിലിംഗ് സെന്റർ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 248 പോലീസ് സ്റ്റേഷനുകളിൽ ലഭ്യമായ ജനമൈത്രി പോലീസിന്റെ സേവനം 500 തസ്തികകൾകൂടി സൃഷ്ടിച്ചുകൊണ്ട് മറ്റ് സ്ഥലങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. പുതുതായി ഏഴ് കേന്ദ്രങ്ങളിൽ ജനമൈത്രി സംവിധാനം കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നതും ആറ് വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതുമാണ്. ബീറ്റ് പോലീസിന്റെ സേവനം കുടുതൽ

ശക്തിപ്പെടുത്തുന്നതിന് മോട്ടോർ സൈക്കിളും സ്കൂട്ടറുകളും വാങ്ങി നൽകിയതുകൂടാതെ മെച്ചപ്പെട്ട സേവനം കാഴ്ചവയ്ക്കുന്ന പോലീസുകാർക്ക് ഇൻസെന്റീവ് നൽകാനും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അപകടങ്ങളിൽപ്പെടുന്നവരെ രക്ഷിക്കുന്നതിനുവേണ്ടി ട്രാഫിക് പോലീസ് വിഭാഗത്തിന് പ്രത്യേക പരിശീലനം നൽകുന്ന 'സ്മൈൽ' എന്ന പുതിയ പദ്ധതി ആരോഗ്യ വകുപ്പുമായി ചേർന്ന് ഈ മാസംതന്നെ നടപ്പാക്കുന്നതാണെന്നും സ്റ്റുഡന്റ്സ് പോലീസ്, കമ്മ്യൂണിറ്റി പോലീസ് സംവിധാനങ്ങൾ സംയോജിപ്പിച്ച് പ്രവർത്തിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1660 മുതൽ 1988 വരെയുള്ള ചോദ്യങ്ങളിൽ 160 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)